**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 23** | **27-01-2026 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ സ്പോട്ട് ട്രാപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ സർവീസിൽ നിന്നും അഴിമതി തുടച്ചു നീക്കുക എന്ന ലക്ഷ്യത്തോടെ വിജിലൻസ് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാന സർക്കാർ സർവീസിൽ നിന്നും അഴിമതി തുടച്ചു നീക്കുക എന്ന ലക്ഷ്യത്തോടെ വിജിലൻസ് നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കൈക്കൂലിയായി പണം കൈപ്പറ്റുന്നവരെ കയ്യോടെ പിടികൂടുന്നതിലേക്കായി ട്രാപ്പ് കേസ്സുകൾ കൂടുതലായി രജിസ്റ്റർ ചെയ്ത് കർശന നിയമനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>അഴിമതി സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് യഥാസമയം വിജിലൻസ് ആസ്ഥാനത്ത് അറിയിക്കുന്നതിലേക്കായി 1064 എന്ന ടോൾ-ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ അഴിമതി സംബന്ധമായ വിവരങ്ങൾ 9447789100 എന്ന നമ്പറിൽ വാട്ട്സാപ്പായി സ്വീകരിക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-മെയിലായും, 8592900900 എന്ന നമ്പറിലും വിജിലൻസ് ആസ്ഥാനത്ത് പരാതികൾ സ്വീകരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. അഴിമതി നടത്തുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ശേഖരിച്ച് Dossier and Suspected Officers Service Sheet Management System (DSMS)-ൽ ഉൾപ്പെടുത്തി അവരുടെ പ്രവർത്തനങ്ങൾ നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>വിജിലൻസ് കേസുകളിലും അന്വേഷണങ്ങളിലും ഉൾപ്പെട്ട അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ വി.എ.സി.ബി. സ്യൂട്ടിൽ ശേഖരിച്ച് തുടർച്ചയായി നിരീക്ഷിച്ച് വരുന്നുണ്ട്.<br><br>കേസ്സുകളുടെ അന്വേഷണം വേഗത്തിലാക്കാനും, കെട്ടിക്കിടക്കുന്ന കേസ്സുകളുടെ എണ്ണം |

| | | | |
|---|---|---|---|
| | | | കുറയ്ക്കുന്നതിനുമായി, പുതുതായി വിജിലൻസ് കോടതികൾ സ്ഥാപിക്കുകയും കേസുകളുടെ വിചാരണ നടപടികൾ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി നിലവിലുള്ള കോടതികളിലേയ്ക്ക് പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിച്ച് നിയമ നടപടികൾ ത്വരിതപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>അഴിമതി സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിശോധിച്ച് വിജിലൻസിന്റെ രഹസ്യാന്വേഷണ വിഭാഗം ഏറെ ജാഗ്രതയോടെ നടത്തിയ അന്വേഷണങ്ങളുടെ ഭാഗമായി നിരന്തരം അഴിമതിയും സ്വജനപക്ഷപാതവും ക്രമക്കേടുകളും നടത്തുകയും കൈക്കൂലി വാങ്ങുകയും ചെയ്യുന്ന 700 ഓളം സർക്കാർ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് വിജിലൻസ് തയ്യാറാക്കി നിരീക്ഷിച്ച് വരുന്നു. |
| (ബി) | ഓപ്പറേഷൻ സ്പോട്ട് ട്രാപ്പിലൂടെ ഇതിനകം പിടികൂടിയ ഉദ്യോഗസ്ഥരുടെ വിശദാംശം നൽകുമോ; | (ബി) | 2025 കാലഘട്ടത്തിൽ റവന്യൂ (20), കെ.എസ്.ഇ.ബി (3), തദ്ദേശ സ്വയംഭരണം (13), പൊതു വിദ്യാഭ്യാസം (1), സെക്രട്ടേറിയറ്റ് പൊതുഭരണം (1), ഇന്ത്യൻ ഓയിൽ കോർപറേഷൻ (1), രജിസ്ട്രേഷൻ (1), സർവ്വേ (3), പോലീസ് (6), തൊഴിൽ (1), വാട്ടർ അതോറിറ്റി (1), മോട്ടോർ വെഹിക്കിൾ (1), ബാങ്ക് ഓഡിറ്റർ (1), ഇറിഗേഷൻ (1), വനം (2), പൊതുമരാമത്ത് (3), ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് (1), മറ്റുള്ളവ (2) തുടങ്ങിയ വകുപ്പുകളിലെ 57 ട്രാപ്പ് കേസുകളിലായി 62 ഉദ്യോഗസ്ഥരെ പിടികൂടിയിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ ജീവനക്കാരിലെ ഏതെല്ലാം തരത്തിലുള്ള അഴിമതിയാണ് കണ്ടെത്തിയിട്ടുള്ളതെന്നും എത്രപേർക്കെതിരെയാണ് നിയമ നടപടികൾ കൈക്കൊണ്ടിട്ടുള്ളതെന്നും അറിയിക്കാമോ; | (സി) | ഈ സർക്കാരിന്റെ കാലയളവിൽ അനധികൃത സ്വത്ത് സമ്പാദനം , കൈക്കൂലി വാങ്ങൽ, ക്രിമിനൽ ഗൂഢാലോചന, അക്കൗണ്ടുകളിലെ വ്യാജവൽക്കരണം തുടങ്ങി അഴിമതി നിരോധന നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം 1564 ഉദ്യോഗസ്ഥർക്കെതിരെ 734 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കാലയളവിൽ വിജിലൻസ് നടത്തിവരുന്ന മിന്നൽ പരിശോധനകളിൽ അധികപിഴ, റോയൽറ്റി, പെനാൽറ്റി, നികുതി തുടങ്ങിയ ഇനങ്ങളിൽ എത്ര തുക ലഭ്യമായിട്ടുണ്ട് എന്ന് അറിയിക്കാമോ; | (ഡി) | പ്രസ്തുത കാലയളവിൽ വിജിലൻസ് നടത്തിവരുന്ന മിന്നൽ പരിശോധനകളിൽ അധികപിഴ, റോയൽറ്റി, പെനാൽറ്റി, നികുതി തുടങ്ങിയ ഇനങ്ങളിൽ 13,72,06,784/- രൂപ ഈടാക്കിയിട്ടുണ്ട്. |
| (ഇ) | സർക്കാർ ജീവനക്കാരിലെ അഴിമതി കണ്ടെത്തുന്നതിനും കുറ്റക്കാരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുമുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ | (ഇ) | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ രേഖകൾ രജിസ്റ്റർ ചെയ്യുന്നതിനും അന്വേഷണം ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി വിജിലൻസ് കോടതിയുമായി സഹകരിച്ച് ‘ Vigilance Cases & Enquiry Management System’ എന്ന വെബ് |

| | | | |
|---|---|---|---|
| | വ്യാപിപ്പിക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ? | | ആപ്ലിക്കേഷൻ നടപ്പാക്കിയിട്ടുണ്ട്. ഇതിലൂടെ FIR രജിസ്ട്രേഷൻ മുതൽ കോടതിയിൽ ചാർജ് ഷീറ്റ് നൽകുന്നതുവരെയുള്ള നടപടികൾ കൃത്യതയോടെയും പേപ്പർ രഹിതമായും വേഗത്തിലും നടപ്പാക്കുവാൻ സാധിക്കും. അഴിമതിക്കാരായ ഉദ്യോഗസ്ഥരെ നിരന്തരം നിരീക്ഷിക്കുന്നതിനും, അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും Dossier & SOS Management System (DSMS) എന്ന വെബ് ആപ്ലിക്കേഷൻ വി.എ.സി.ബി.യുടെ വിവിധ ഓഫീസുകളിൽ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. വി.എ.സി.ബി.യുടെ ഫയൽ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഇലക്ട്രോണിക്സ് ഫയൽ മാനേജ്മെന്റ് പ്ലാറ്റ്ഫോമുകളായ e-office, iaps സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ